

ജൂൺ 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഏഷ്യയിലെ ക്രൈസ്തവ സഭകളുടെ പൊതു വേദിയായ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (സി. സി. എ.) 2023 മേയ് മാസം ആദ്യവാരം ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ സംഘടിപ്പിച്ച ഏഷ്യൻ ക്രൈസ്തവ സഭകളുടെയും എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെയും നേതൃസംഗമത്തിൽ (Asian Church and Ecumenical Leaders' Conference - ACELC) മാർത്തോമ്മാ മെത്രാപ്പോലീത്താ എന്ന നിലയിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുത്തു. വിവിധ ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് എത്തിച്ചേർന്ന നൂറിലധികം ക്രൈസ്തവ സഭാ നേതാക്കൾക്കൊപ്പം ഒരാഴ്ചയോളം നീണ്ടുനിന്ന സമ്മേളനത്തിൽ സംബന്ധിക്കുന്നതിനും പ്രാരംഭ യോഗത്തിൽ തിരുവചന പ്രഘോഷണം നടത്തുന്നതിനും സാധിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു. കോൺഫറൻസിന്റെ ചിന്താവിഷയം 'Changing Ecclesial and Ecumenical Landscape in Asia: Our Common Witness and Accompaniment' എന്നതായിരുന്നു. സി. സി. എ. 1957 ൽ സ്ഥാപിതമായതു മുതൽ നമ്മുടെ സഭ ഒരു സ്ഥാപക അംഗസഭ എന്ന നിലയിൽ വിവിധ കാലങ്ങളിൽ നേതൃത്വം നല്കിയിട്ടുണ്ട്. ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ ഇപ്പോഴത്തെ ജനറൽ സെക്രട്ടറി നമ്മുടെ സഭാംഗമായ ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കരയാണ്. ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ 15-ാമത് ജനറൽ അസംബ്ലി 2023 സെപ്തംബർ 27 മുതൽ ഒക്ടോബർ 4 വരെ കോട്ടയത്ത് വെച്ചാണ് നടത്തുന്നത്. ഏഷ്യയിലെ വിവിധ ക്രൈസ്തവ സഭാ പാരമ്പര്യങ്ങളെയും എക്യൂമെനിക്കൽ പ്രവർത്തനങ്ങളെയും കൂടുതൽ മനസ്സിലാക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങളിൽ മാർത്തോമ്മാ സഭയുടെ പങ്കാളിത്തം വിശദീകരിക്കുന്നതിനും ഒരവസരം കൂടിയായിരുന്നു ACELC സമ്മേളനം.

മലങ്കര മാർത്തോമ്മാ സഭയുടെ ഔദ്യോഗിക ഓൺലൈൻ ചാനലായ മാർത്തോമ്മാ വിഷൻ ഉദ്ഘാടനം ചെയ്യപ്പെട്ടു. ദൗത്യ വഴിയിൽ സഭയുടെ ഒരു നൂതന കാല്വെയ്പാണിത്. ഇതിന് നേതൃത്വം നല്കിയ എല്ലാവരെയും, വിശേഷാൽ അഭി. പൗലോസ് തിരുമേനി, കൺവീനർ ശ്രീ. സാം ചെമ്പകത്തിൽ, കമ്മിറ്റി അംഗങ്ങൾ എല്ലാവരെയും അഭിനന്ദിക്കുന്നു. സമകാലിക സാഹചര്യങ്ങളിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം ഉള്ളടത്തോളം കാലമേ ജനാധിപത്യം നിലനിൽക്കുകയുള്ളൂ. വിമർശിക്കുന്നവരെ ഏതു മാർഗത്തിലൂടെയും നിശബ്ദരാക്കാനുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കുന്നു. സഭ ലോകമെങ്ങും ചിതറിക്കപ്പെട്ടു. സഭയുടെ ശുശ്രൂഷാ മേഖലകളും വിപുലമായി. സുവിശേഷം പങ്കിടുന്നതിൽ നവമാധ്യമലോകം വിനിയോഗിക്കപ്പെടണം. ലോകമെങ്ങുമുള്ള വിശ്വാസ സമൂഹത്തെ ദൈവവചനത്തോടും സഭയുടെ വിശ്വാസ ആചാരങ്ങളോടും ചേർത്തുനിർത്തുകയാണ് ചാനലിന്റെ ലക്ഷ്യം. ഈടുറ്റ വിഭവങ്ങളൊരുക്കി സഭാഗാത്രത്തെ ലോകത്തിന് മുന്നിൽ തെളിമയോടവതരിപ്പിക്കുന്നതിനും നിലപാടുകൾ അറിയിക്കുന്നതിനും ക്രിയാത്മകമായി പ്രതികരിക്കുന്നതിനും മാർത്തോമ്മാ വിഷന് സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

മാർത്തോമ്മാ സഭയിലെ ഒരു അംഗീകൃത സ്ഥാപനമായ മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 111-ാം സമ്മേളനം അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കാം. 1910-ൽ ആരംഭം കുറിച്ച കോൺഫറൻസ്, കോവിഡ് കാലയളവിലൊഴികെ ക്രമമായി നടത്തുന്നതിനും സർവ്വകലാശാലകളിൽ അഭ്യസനം നടത്തുന്ന വിദ്യാർത്ഥികൾക്കും സർവ്വകലാശാല വിദ്യാഭ്യാസം നേടിയ യുവജനങ്ങൾക്കും യേശുവുമായുള്ള ബന്ധത്തിൽ വളരുന്നതിനും കാലികമായി സുവിശേഷ സത്യങ്ങളോട് പ്രതികരിക്കുന്നതിനും പ്രയോജനപ്പെടുന്നു. ഈ വർഷം എറണാകുളം സെന്റർ ഇടവകകളുടെയും ആലുവ യൂ. സി. കോളജ് മാർത്തോമ്മാ ഫെലോഷിപ്പിന്റെയും ആഭിമുഖ്യത്തിൽ ക്രമീകരിച്ച കോൺഫറൻസ് പങ്കാളിത്തം കൊണ്ടും, ക്രമീകരണങ്ങൾ കൊണ്ടും, പഠനങ്ങൾ കൊണ്ടും ശ്രദ്ധേയമായിരുന്നു. നേതൃത്വം നല്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു. കോൺഫറൻസിന് ആതിഥ്യം നല്കിയ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി അതിന്റെ എല്ലാ സൗകര്യങ്ങളും കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി വിട്ടുനല്കി. അതോടൊപ്പം എപ്പിസ്ക്കോൽ സിനഡും, മാർത്തോമ്മാ വിഷൻ ചാനലിന്റെ ഉദ്ഘാടനവും, തിയോളജിക്കൽ കമ്മീഷൻ മീറ്റിംഗും നടത്തുന്നതിനും സെമിനാരി സൗകര്യമൊരുക്കി. മംഗലപ്പുഴ സെന്റ് ജോസഫ്

പൊന്തിഫിക്കൽ സെമിനാരി അധികാരികളോടുള്ള നന്ദി അറിയിക്കുന്നു.

നിലനിൽക്കുന്ന ജനാധിപത്യ പ്രക്രിയകളുടെ ഒരു ഉപോല്പന്നമായി വർഗ്ഗീയ ചേരിതിരിവുകൾ രൂപപ്പെട്ടു വരുന്നു എന്നത് ഏറെ ഭീതിജനകമാണ്. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ആണിക്കല്ലായി ഭൂരിപക്ഷം മാറുമ്പോൾ ജാതി, മത, വർണ്ണ വ്യത്യാസങ്ങളെ ഉയർത്തിക്കാട്ടി ഭൂരിപക്ഷം ഉറപ്പിക്കുവാനുള്ള തന്ത്രപ്പാടിലാണ് രാഷ്ട്രീയ കക്ഷികൾ. സാമൂഹ്യ ക്രമത്തിലെ നിലനിൽക്കുന്ന മതമൈത്രി, സാഹോദര്യം എന്നിവ ഓരോ തെരഞ്ഞെടുപ്പോടുകൂടെ തകർക്കപ്പെടുന്ന അനുഭവങ്ങൾ ഇന്നിന്റെ നേർകാഴ്ചകളാണ്. ഇന്ത്യയിൽ ഓരോ തെരഞ്ഞെടുപ്പും ജാതി സമവാക്യങ്ങളുടെ കൂട്ടികിഴിക്കലുകളുടെ ആകെത്തുകയാകുമ്പോൾ നഷ്ടപ്പെടുന്ന ബന്ധങ്ങളുടെയും സമാധാനത്തിന്റെയും ഇരകൾ മാത്രമാണ് സാധാരണ മനുഷ്യർ. വിവിധ സമൂഹങ്ങളെ കൂട്ടിയോജിപ്പിക്കേണ്ട ബാധ്യതയുള്ള രാഷ്ട്രീയ പ്രവർത്തകർ വേർതിരിവുകളുടെ മതിലുകൾ സൃഷ്ടിക്കുമ്പോൾ അതിന്റെ രാസത്വരകങ്ങളായി മതനേതൃത്വവും രംഗത്തു വരുന്നു എന്നത് ഒട്ടും ആശാസ്യമല്ല. ഈ അടുത്തകാലത്തായി സ്വത്വ രാഷ്ട്രീയത്തിന്റെ മറപറ്റി വളർന്നുവരുന്ന വർഗ്ഗീയ വാദം അതർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കേണ്ടിയിരിക്കുന്നു.

മണിപ്പൂരിൽ ഉണ്ടായ സംഘർഷങ്ങൾ അനേകരുടെ ജീവൻ അപഹരിക്കുകയും കനത്ത നാശനഷ്ടങ്ങൾ വരുത്തിവെയ്ക്കുകയും ചെയ്തിരിക്കുന്നു. കലാപത്തിന്റെ മറവിൽ ദേവാലയങ്ങൾ അഗ്നിക്കിരയാക്കിയിട്ടുണ്ട്. സുരക്ഷിതമെന്ന് കരുതി മനുഷ്യരെ മാറ്റി പാർപ്പിച്ച ക്യാമ്പുകളിൽ പോലും അക്രമം ആവർത്തിക്കുന്ന അനുഭവമാണുണ്ടായത്. വെറുപ്പിന്റെ തത്ത്വശാസ്ത്രത്തിൽ അധിഷ്ഠിതമായ പ്രത്യയശാസ്ത്ര ധാരകളുടെ ആലോചനകളുടെ പരിണിത ഫലമാണ് മണിപ്പൂരിൽ പ്രകടമായത് എന്ന സന്ദേഹം അനേകർ പങ്കുവയ്ക്കുന്നു. ഗോത്രവർഗങ്ങളുടെ വളരെ പഴക്കം ചെന്ന ശത്രുതയിലൂടെ രൂപപ്പെട്ട സംഘർഷമാണ് മണിപ്പൂരിൽ സംഭവിച്ചത് എന്ന ധാരണയാണ് ആദ്യപാദങ്ങളിൽ പ്രചരിച്ചത്. എന്നാൽ തകർക്കപ്പെട്ട പള്ളികളുടെയും സ്ഥാപനകളുടെയും പൊതുചിത്രം ഗോത്രവർഗ ശത്രുതകൾക്കുമപ്പുറം അതിനൊരു വർഗീയഛായ ഉണ്ടായിരുന്നു എന്ന വിമർശനങ്ങളെ സാധൂകരിക്കുന്നു. കേവല ഭൂരിപക്ഷത്തിൽ അധികാരം ലാക്കാക്കുന്നവർ ഭൂരിപക്ഷം നിർമ്മിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യ പ്രതിസന്ധിയാണ് മണിപ്പൂരിലേത്.

ഇന്ത്യയെപ്പോലെ വ്യത്യസ്തകൾ ഏറെയുള്ള ഒരു രാജ്യത്ത് വൈവിധ്യങ്ങളെ ആദരിക്കുവാനുള്ള മാനസികാവസ്ഥ നാം ആർജ്ജിച്ചേ മതിയാകൂ. വ്യത്യസ്ഥ നിലപാടുകളും കാഴ്ചപ്പാടുകളും ഉള്ളവരെ ചേർത്ത് നിർത്തുമ്പോഴാണ് ജനാധിപത്യം പൂവണിയുന്നത്. വിഭിന്ന കാഴ്ചപ്പാടുകളോടു അസഹിഷ്ണുത പാടില്ല. സ്വന്ത രാജ്യത്തു അഭയാർത്ഥികളാകേണ്ടി വരുന്നവരുടെ വേദന അതിതീവ്രമാണ്. തകർന്ന കെട്ടിടങ്ങൾ ഒരുപക്ഷെ പുനർ നിർമ്മിച്ചേക്കാം എന്നാൽ തകർന്ന പാരസ്പരികത എങ്ങനെ നിർമ്മിച്ചെടുക്കാനാവും? നീതി ന്യായവ്യവസ്ഥകളും, കേന്ദ്ര സംസ്ഥാന ഭരണ കൂടങ്ങളും, രാഷ്ട്രീയ പാർട്ടികളും, മത നേതൃത്വങ്ങളും കൂട്ടായി ചിന്തിച്ചേ മതിയാകൂ. വേദനയിലൂടെയും ദുഃഖത്തിലൂടെയും കടന്നുപോകുന്ന മണിപ്പൂരിലെ ജനതയെ നമുക്കോർക്കാം, പ്രാർത്ഥിക്കാം. അവരുടെ പുനരധിവാസത്തിനാവശ്യമായ പ്രവർത്തനങ്ങളിൽ സഭയായി നമുക്കും പങ്കുകാരാകാം. അക്രമങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ മണിപ്പൂരിലെ എല്ലാ ജന സമൂഹങ്ങളോടും ആഹ്വാനം ചെയ്യുന്നു. മനോഹരമായ മണിപ്പൂരിൽ സമാധാനവും ഐക്യവും തുടർന്നും നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നാക്കാവസ്ഥയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചു പഠിക്കുവാൻ നിയോഗിതമായ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചുവല്ലോ. പ്രത്യേക അഭിനന്ദനങ്ങൾ. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി കേരളത്തിലെ ക്രൈസ്തവ സമൂഹം സാമൂഹ്യവും സാമ്പത്തികവുമായി പിന്തള്ളപ്പെട്ടു എന്ന ബോധ്യത്തിലാണ് ഇത്തരം ഒരു കമ്മീഷനെ 2020-ൽ കേരള സംസ്ഥാന മന്ത്രി സഭ നിയമിച്ചത്. സാമൂഹിക വികാസവും സാമ്പത്തിക ഭദ്രതയും എല്ലാവർക്കും ഉറപ്പാക്കുക എന്നത് ഉത്തരവാദിത്വമുള്ള ഒരു ഭരണകൂടത്തിന്റെ ബാധ്യതയാണ്. അതിനു മുൻകൈ എടുത്ത കേരള ഗവൺമെന്റിനെ പ്രത്യേകം അനുമോദിക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുവാൻ എല്ലാവരും സന്തുഷ്ടരാവേണ്ടതുണ്ട്. കേരളത്തിൽ ഏറ്റവും അരക്ഷിതാവസ്ഥ നേരിടുന്ന ഒരു സമൂഹമാണ് ദളിത് ക്രൈസ്തവർ. എന്നാൽ ക്രൈസ്തവ സമൂഹത്തിലെ പിന്തള്ളപ്പെട്ടവരുടെ ഉന്നമനം ഗവണ്മെന്റിന്റെ മാത്രം പരിഗണനയിൽ വരേണ്ട കാര്യമല്ല. അത് സഭയുടെയും സത്വര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണ്. മറ്റുള്ളവർ നമ്മുടെ അവകാശങ്ങൾ തട്ടിയെടുത്തു എന്ന തരത്തിലുള്ള ചില പ്രചാരണങ്ങളിൽ വ്യാപൃതരായി വേർതിരിവുകളുടെ മതിലുകൾ സൃഷ്ടിക്കാതെ സ്നേഹത്തിന്റെ, കരുതലിന്റെ കരങ്ങൾ തുറന്നു അബലരെ നമുക്ക് ചേർത്തുനിർത്താം.

നമ്മുടെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ദിശാബോധം നൽകുന്നതിൽ നാം പരാജയപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതോടൊപ്പം ആത്മീക പരിപോഷണവും ചെറുപ്പം മുതൽ ഉറപ്പ് വരുത്തണം. അതിനുതകുന്ന സംവിധാനങ്ങളെ ഇടവക തലങ്ങളിൽ പരിപോഷിപ്പിക്കണം. മറ്റു സമൂഹങ്ങൾക്കുള്ളതെല്ലാം നമുക്ക് വേണമെന്ന് ശഠിക്കുന്നത് ഉത്തമമല്ല. മദ്രസ അധ്യാപകർക്കുള്ളതുപോലെ സൺഡേസ്കൂൾ അധ്യാപകർക്കും ഗ്രാന്റ് നല്കണമെന്നും ക്ഷേമനിധി

ബോർഡ് രൂപീകരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ എത്ര അനുയോജ്യം എന്ന സന്ദേഹം ബാക്കി നിൽക്കുന്നു. മതബോധന പാഠശാലകളിൽ ബാഹ്യ ഇടപെടലുകൾ നടത്തുവാൻ ശ്രമിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണം. രാജ്യനിയമങ്ങളെ മാനിക്കുന്ന, സാമൂഹ്യ ഇടങ്ങളിലെ വേർതിരിവുകളെ എതിർക്കുന്ന, പ്രകൃതിയെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന നമ്മുടെ സണ്ടേസ്കൂൾ കരിക്കുലത്തിലും ഒരു ബാഹ്യ ഇടപെടൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. സണ്ടേസ്കൂൾ അദ്ധ്യാപനം ഒരു ദൈവരാജ്യ ശുശ്രൂഷയും സന്നദ്ധപ്രവർത്തനവുമാണ്.

ഒരു വിദ്യാലയ വർഷം കൂടി ആരംഭിക്കുന്നു. വിദ്യാഭ്യാസ വർഷാരംഭത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആശംസകൾ അറിയിക്കുന്നു. വിവിധ പരീക്ഷകളുടെ റിസൾട്ട് വന്നു. മികച്ച വിജയം നേടിയ നമ്മുടെ സ്കൂളുകളും കോളേജുകളും വിദ്യാർത്ഥികളും അഭിനന്ദനങ്ങൾ അർഹിക്കുന്നു. എല്ലാവരും എ പ്ലസ് മാത്രം പ്രതീക്ഷിക്കുന്ന ഒരു കാലഘട്ടത്തിൽ ജീവിത വിജയം മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല എന്ന് പ്രത്യേകമായി മനസ്സിലാക്കിയിരിക്കണം. വിജയം പുതുവഴികൾ തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നതു പോലെ പരാജയങ്ങളും നമ്മെ നൂതന പാതകളിലേക്ക്നയിക്കുവാൻ പ്രേരകമായേക്കാം. എല്ലാവർക്കും അഭിനന്ദനങ്ങൾ.

താനൂരിൽ ബോട്ട് മുങ്ങി 22 പേർ മരിച്ച സംഭവത്തിൽ, അപകടത്തിനിടയാക്കിയ ബോട്ട് ഓടിച്ചിരുന്നത് നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കാതെയാണ് എന്നാണ് അറിയുന്നത്. നിരപരാധികളായ സഹോദരങ്ങളുടെ മരണത്തിൽ മാർത്തോമ്മാ സഭ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ക്ഷണിച്ചുവരുത്തുന്ന ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ കർശന നടപടികൾ അധികൃതർ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഡോ. വന്ദനദാസിന്റെ മരണം മാനവസമൂഹത്തെ ആകെ നടുക്കിയ സംഭവമാണ്. ജീവൻ സംരക്ഷിക്കുവാൻ രാത്രിസമയത്തും ആശുപത്രിയിൽ അദ്ധ്വാനിച്ച ഡോ. വന്ദനയാണ് അതിദാരുണമായി ആശുപത്രിയിൽ വെച്ച് തന്നെ കൊലചെയ്യപ്പെട്ടത്. ജീവനെ പരിരക്ഷിക്കേണ്ടത് ഏവരുടെയും ചുമതലയാകയാൽ ആർക്കും തന്നെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞ്മാറുവാൻ കഴിയുകയില്ല. ലഹരിക്ക് അടിമപ്പെട്ട ഒരാളാണ് ആശുപത്രിയിൽ ജീവന് നേരെ കടന്നാക്രമണം നടത്തിയത്. ലഹരി ഉപയോഗത്തെ യാതൊരു കാരണവശാലും പ്രോത്സാഹിപ്പിക്കുവാൻ പാടില്ല. വർദ്ധിച്ച് വരുന്ന ലഹരിയുടെ ഉപയോഗവും അത് ഒരു തലമുറയെ ഇല്ലാതാക്കുന്നതും നിസ്സാരമായി കാണരുത്. ശാന്തവും സമാധാനപരവുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുവാൻ സേവനമേഖലയിലുള്ള പ്രവർത്തകർക്ക് അവസരം ഒരുക്കുകയും, ആശുപത്രികൾക്കും ആരോഗ്യപ്രവർത്തകർക്കും നേരെയുള്ള എല്ലാ അതിക്രമങ്ങളും ചെറുക്കുവാനുള്ള നിയമം കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുകയും വേണം. ഡോ. വന്ദനദാസിന്റെ വേർപാടിൽ മാർത്തോമ്മാ സഭയുടെ ദുഖം അറിയിക്കുന്നു.

നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ ജനജീവിതം ആശങ്കയിലാക്കുന്നു. മലയോര മേഖലയിൽ ജനങ്ങൾക്ക് കൃഷിനാശം, സ്വത്ത് നഷ്ടം എന്നിവ മാത്രമല്ല, വീടിനുള്ളിൽ പോലും സുരക്ഷിതമല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ സാഹചര്യത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്തേണ്ടത് അടിയന്തിര ആവശ്യമാണ്. വന്യമൃഗങ്ങളെ ശാസ്ത്രീയമായി പ്രതിരോധിച്ച് ജനവാസ മേഖലയിൽ സ്വൈരജീവിതം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കേവലം ചില പ്രസ്താവനകൾ കൊണ്ടവസാനിപ്പിക്കാതെ മനുഷ്യ- വന്യജീവി സംഘർഷത്തിന് പ്രായോഗിക തലത്തിൽ പരിഹാരം കണ്ടെത്തുകയാണാവശ്യം. അക്രമകാരികളായ വന്യമൃഗങ്ങളെ തടഞ്ഞ് ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിൽ ഉത്തരവാദിത്വപ്പെട്ടവർ ഉദാസീനത കാണിക്കരുത്.

ആവർത്തിക്കപ്പെടുന്ന ആൾക്കൂട്ടക്കൊല തികച്ചും അപലപനീയമാണ്. അട്ടപ്പാടിയിൽ മധുവിന് ശേഷം മലപ്പുറം കൊണ്ടോട്ടിയിൽ ബീഹാർ സ്വദേശി രാജേഷ് മാഞ്ചിയും കൊല്ലപ്പെട്ടു. റിപ്പോർട്ട് ചെയ്യപ്പെടാഞ്ഞത്കൊണ്ട് പുറംലോകം അറിയാതെ പോയ സംഭവങ്ങൾ ഇല്ലായെന്ന് നമുക്കുറപ്പിക്കാനാകുമോ? ആരോപണം എന്തായാലും അപരന്റെ ജീവനെടുക്കുന്നത് തികച്ചും ക്രൂരവും മൃഗീയവുമായ നടപടിയാണ്. അതിക്രമം തടയാതെ ഒരുവനെ മർദ്ദിക്കുന്നത് ക്യാമറയിൽ പകർത്തുന്നതിൽ കൗതുകം കാണുന്ന മലയാളി മനസ്സ് സാമൂഹ്യ മാധ്യമ കാലത്ത് ലോകത്തിന്റെ മുമ്പിൽ ഒരു അപവാദമാണ്. കൊലപാതകങ്ങൾ ആവർത്തിക്കാനിടയാകരുത്. കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെട്ടും കുറ്റക്കാർക്കെതിരെ മാതൃകാപരമായി നിയമനടപടികളെടുത്തും ഇത്തരം പ്രവണതകൾക്ക് തടയിടുകയും മനുഷ്യത്വം വീണ്ടെടുക്കാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും വേണം.

സി.എസ്.ഐ.സഭ മുൻ മോഡറേറ്ററും ഈസ്റ്റ് കേരള മഹായിടവക മുൻ ബിഷപ്പുമായ ഡോ. കെ. ജെ. സാമുവൽ തിരുമേനി നിര്യാതനായി. സംസ്ഥാന, ദേശീയ തലങ്ങളിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് എന്നും കരുത്തുറ്റ നേതൃത്വമായിരുന്നു ബിഷപ്പ് കെ.ജെ. സാമുവേലിന്റേത്. നിലപാടുകളിൽ വ്യത്യസ്തനും തീരുമാനങ്ങളിൽ ധൈര്യശാലിയും ജനകീയ പ്രശ്നങ്ങളിൽ എന്നും വേറിട്ട ശബ്ദവുമായിരുന്ന അദ്ദേഹം പരിസ്ഥിതി സംരക്ഷണത്തിനും മലയോര മേഖലയുടെ വികസനത്തിനും തന്റെ ശുശ്രൂഷയിൽ പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. നമ്മുടെ സഭയിലെ സീനിയർ പട്ടക്കാരനായ റവ. പി. ഒ. തോമസ് നിര്യാതനായി. ഭാരതത്തിലെ വിവിധ ഇടവകകളിൽ വികാരിയായും ഗൂഡല്ലൂർ, കിളി

മാനൂർ എന്നിവിടങ്ങളിൽ മിഷനറിയായും അച്ചനും കുടുംബവും നല്കിയ സേവനം സ്തുത്യർഹമാണ്. പുന്നമൂട് എബനേസർ മാർത്തോമ്മാ ഇടവകയിൽ അഞ്ചുതെങ്ങിൽ ഡോ. എ. ജെ. ജോഷ്വാ നിര്യാതനായി. മാർത്തോമ്മാ സഭാ കൗൺസിൽ അംഗം, വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റി അംഗം, സുവിശേഷ പ്രസംഗസംഘം മാനേജിംഗ് കമ്മിറ്റി അംഗം, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിൽ ഡോ. ജോഷ്വാ പ്രവർത്തിച്ചിട്ടുണ്ട്. ഇവരുടെ ദേഹ വിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും മാർത്തോമ്മാ സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ജൂൺ മാസത്തെ ഞായറാഴ്ച വായനകൾ പരിശുദ്ധാത്മ സഹായത്താൽ ഉണ്ടാകുന്ന സമൂഹ നിർമ്മിതിയുടെ വിവിധ ഉൾച്ചേരലുകൾ ധ്യാനിക്കുന്നതിനു സഹായകരമാണ്. പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ച സഭ ഉയർത്തെഴുന്നേറ്റ കർത്താവിനെ ബലത്തോടെ സാക്ഷിച്ചുവല്ലോ. ചരിത്രകാലത്ത് ഉയർന്നുവരുന്ന എല്ലാ മരണശക്തികളോടും പരിശുദ്ധാത്മബലത്തിൽ പോരാടുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. ജൂൺ 4 ഞായറാഴ്ച്ച വിദ്യാലയവർഷാരംഭ ദിനമായി സഭ ആചരിക്കുന്നു. ആത്മീക അടിത്തറയിൽ രൂപപ്പെടുന്ന വിദ്യാഭ്യാസക്രമത്തിനു മാത്രമേ വ്യക്തികളെയും സമൂഹത്തെയും ശിഥിലമാകാതെ കെട്ടുപണി ചെയ്തെടുക്കാൻ കഴിയുകയുള്ളു. ഇസ്രായേൽ രാജാവായി നിയോഗിതനായ ശലോമോൻ പ്രാർത്ഥിച്ചത് തനിക്ക് ശരിതെറ്റുകൾ തിരിച്ചറിയാൻ വിവേകമുള്ള ഒരു ഹൃദയം നല്കണമേ എന്നാണ്. ഈ ദിവസത്തെ വായനകൾ ജ്ഞാനം, ബുദ്ധി ഇവകൾക്ക് പുതിയ അർത്ഥതലങ്ങൾ നൽകുന്നു. ദൈവഹിതം പൂർണമായി നിറവേറ്റുന്നതാണ് ബുദ്ധി. അതിനു ഹൃദയദൃഷ്ടി പ്രകാശിക്കണം. യേശു പന്ത്രണ്ടാം വയസ്സിൽ തന്നെ ആ പ്രകാശനം പ്രാപിച്ചു. കൂടുതൽ പരിജ്ഞാനത്തിൽ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ മുതിർന്നുവന്നു. നസറേത്തിലെ തിരുകുടുംബ സംസ്കാരം യേശുവിന്റെ ജ്ഞാനാന്വേഷണ തപസ്യയിൽ വലിയ പിന്തുണ നൽകി. അദ്ധ്യാപകരും വിദ്യാർഥികളും മാതാപിതാക്കളും സമൂഹവും ദൈവബന്ധത്തിൽ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ കണ്ടെത്തുന്നതിനു കൃപ പ്രാപിക്കട്ടെ.

ജൂൺ 11 ഞായറാഴ്ച സഭ പരിസ്ഥിതി ദിനമായി ആചരിക്കുന്നു. 'വേല ചെയ്‌വാനും തോട്ടം സൂക്ഷിപ്പാനും'എന്നതാണ് ചിന്താവിഷയം. ദൈവം വിഭാവന ചെയ്ത് മനുഷ്യരെ ഏല്പിച്ച തോട്ടത്തിൽ വേല ചെയ്തു അഹോവൃത്തി കഴിക്കുവാൻ അവർക്കു നിയോഗം ഉണ്ടായി. അവർ അതിനെ ദൈവബന്ധത്തിൽ ഉപയോഗിക്കുമ്പോൾ, പ്രകൃതിയെ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രകൃതിയിൽ ഇടപെടലുകൾ നടത്തുന്നവർ ദൈവബോധത്തിൽ മാത്രമേ അവ ചെയ്യാവൂ എന്ന് വചനം ഓർമിപ്പിക്കുന്നു. സകല സൃഷ്ടിയും ദൈവത്താലും ദൈവത്തിന്നു വേണ്ടിയും ആണ് സൃഷ്ടിക്കപ്പെട്ടത്. ദൈവീകക്രമങ്ങളെ നിഷേധിക്കുന്ന സകലതും ആത്മഹത്യാപരം ആണ്. വരും തലമുറയ്ക്ക് വാസയോഗ്യമായി ഈ ഭൂമി തിരികെ ഏല്പിക്കാൻ ഈ തലമുറയ്ക്കു കഴിയണം. ദൈവഹിതം അനുഷ്ഠിക്കുന്ന ദൈവപുത്രരുടെ വെളിപ്പാടിലൂടെ മാത്രമേ സൃഷ്ടിക്കു വിമോചനം ലഭിക്കുകയുള്ളു. സൃഷ്ടി ദൈവപുത്രരുടെ വെളിപ്പാടിനായി ഈറ്റുനോവോടെ കാത്തിരിക്കുന്നു (റോമ.8:18). നമുക്കും ആ ദൈവപുത്രരുടെ ഗണത്തിൽ ഉൾപ്പെടാൻ പ്രാർത്ഥിക്കാം.

ജൂൺ 18 ഞായറാഴ്ച 'ആരാധന-വിശ്വാസത്തിന്റെ ആഘോഷം' എന്ന വിഷയം ധ്യാനിക്കുന്നു. മനുഷ്യർ അടിസ്ഥാനപരമായും ആരാധനാജീവികൾ ആണ്. വികലമായ ആരാധനയിലേക്ക് വീണുപോകാതെ ഇരിക്കാൻ സത്യദർശനം ആവശ്യമാണ്. മഹിമയുടെ സ്വർഗ്ഗീയ ദർശനമാണ് സത്യാരാധനയുടെ അടിസ്ഥാനം. യെശയ്യ പ്രവാചകൻ ദൈവിക പരിശുദ്ധിയെയും അധികാരത്തെയും ദർശിച്ചപ്പോൾ, വലിയ ദൗത്യബോധം ഉൾക്കൊള്ളുകയും, ദൈവിക ശുദ്ധീകരണം പ്രാപിച്ച് തന്റെ ജീവിതം വിട്ടുകൊടുക്കുകയും ചെയ്തു. മഹത്വത്തിന്റെ പ്രത്യാശയായ കർത്താവ് ഉള്ളിൽ വസിക്കുന്നതിനാൽ അവന്റെ നിറവോളം നിരന്തരം വളരാൻ ആരാധന നമ്മെ സഹായിക്കുന്നു. കൂദാശകളും വചനധ്യാനങ്ങളും അതിനു നമ്മെ സഹായിക്കട്ടെ.

ജൂൺ 25 ഞായറാഴ്ച 'ശിഷ്യത്വം-ദൗത്യത്തിനായുള്ള വെല്ലുവിളി' എന്ന ചിന്താവിഷയം സഭ ധ്യാനിക്കുന്നു. യേശുതമ്പുരാൻ തന്നോടു കൂടെ ഇരിക്കേണ്ടതിനും അയക്കപ്പെടേണ്ടതിനുമാണ് ശിഷ്യരെ തെരഞ്ഞെടുത്തത്.കർത്താവ് ഈ ലോകത്തിൽ ആരംഭിച്ചതെല്ലാം തുടരാൻ ശിഷ്യർ കടപ്പെട്ടവരാണ്. വചനത്തിന്റെ പ്രഘോഷണവും, വചന പ്രായോഗികതയുടെ സാക്ഷ്യവും ശിഷ്യരിൽ ഉണ്ടാകണം. അതു സാധിക്കുന്നത് ദൈവവിളി അനുസരിക്കുന്നതിലൂടെയും, ശുദ്ധീകരണം പ്രാപിച്ച് നിയോഗങ്ങളിൽ ഉൾച്ചേരുന്നതിലൂടെയുമാണ്. വിശുദ്ധ പൗലോസിനെപ്പോലെ ദൈവീക വീണ്ടെടുപ്പിന്റെ ബോധ്യം ഉള്ളവരായി ദൈവീക ശുശ്രൂഷ ചെയ്യുവാൻ നമുക്ക് കഴിയട്ടെ. കർത്താവിനോടു സഹവാസം ചെയ്യുന്നവർക്കു മാത്രമേ കർത്താവിന്റെ ആത്മാവിൽ നിരന്തരം കർത്താവിന്റെ വേലയിൽ നിലനിൽക്കാൻ കഴിയൂ എന്ന് ഓർക്കാൻ ദൈവം നമുക്ക് സഹായിക്കട്ടെ. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
26.05.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**